പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 36 — 29.06.2015-ൽ മറുപടിയ്ക്ക്

# വൈദ്യുതി സംസ്ഥാനത്തേക്ക് എത്തിക്കാനുള്ള പദ്ധതികൾ.

ചോദ്യം

ശ്രീ. കെ. ദാസൻ :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. രാജു. എബ്രഹാം :

ഉത്തരം
ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) അനുവദിക്കപ്പെട്ട കേന്ദ്ര വൈദ്യുതി വിഹിതം സ്വീകരിക്കാനുള്ള സംവിധാനം ഒരുക്കാൻ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ടോ ;

(എ) കേന്ദ്ര വൈദ്യുതി നിലയങ്ങളിൽ നിന്നും വിഹിതമായി കിട്ടുന്ന മുഴുവൻ വൈദ്യുതിയും കേരളത്തിലേയ്ക്ക് എത്തിക്കുവാൻ ഇപ്പോൾ സാധിക്കുന്നുണ്ട്.

(ബി) വൈദ്യുതി സംസ്ഥാനത്തേക്ക് എത്തിക്കാൻ നിലവിലുള്ള പദ്ധതികൾ എന്തൊക്കെയാണ് ;

(ബി) നിലവിലുള്ള അന്തർ സംസ്ഥാന പ്രസരണ ലൈനുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| 1. ഉഡുമൽ | പാലക്കാട് - മാടക്കത്തറ (തൃശ്ശൂർ) കൊച്ചി 400 കെ.വി ലൈൻ |
| 2. തിരുനെൽവേലി | തിരുവനന്തപുരം 400 കെ.വി ലൈൻ |
| 3. തിരുനെൽവേലി | ഇടമൺ 220 കെ.വി ലൈൻ |
| 4. കഴിത്തുറ | പാറശ്ശാല 110 കെ.വി ലൈൻ |
| 5. മൂഴിയാർ | തേനി 220 കെ.വി ലൈൻ |
| 6. ഇടുക്കി | ഉഡുമൽ 220 കെ.വി ലൈൻ |
| 7. കണിയാംപെറ്റ | കടക്കോള 220 കെ.വി ലൈൻ |
| 8. മാംഗ്ലൂർ | മഞ്ചേശ്വരം 110 കെ.വി ലൈൻ |

(സി) പുതുതായി ആവിഷ്ക്കരിച്ച പദ്ധതികൾ ഏതൊക്കെയായിരുന്നു ; അവയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ ; അവ ഏത് വർഷത്തിൽ പൂർത്തിയാക്കാനായിരുന്നു ലക്ഷ്യമിട്ടിരുന്നത് ?

(സി) പുതിയതായി ആവിഷ്ക്കരിച്ച പദ്ധതികളും അവയുടെ നിർമ്മാണ പുരോഗതിയും സംബന്ധിച്ച വിശദ വിവരം ചുവടെ ചേർക്കുന്നു.

1. മൈസൂർ-കോഴിക്കോട് 400 കെ.വി ലൈനിന്റെ പണി പുരോഗമിക്കുന്നു. ഈ ലൈൻ 2007 ഡിസംബർ മാസത്തോടെ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്.

കൂടംകുളം ആണവ നിലയത്തിൽ നിന്നും കേരളത്തിലേയ്ക്ക് വൈദ്യുതി എത്തിക്കുന്നതിനു വേണ്ടി നിർമ്മിക്കുന്ന തിരുനെൽവേലി-കൊച്ചി-മാടക്കത്തറ 400 കെ.വി ലൈനിന്റെ ഇടമൺ-കൊച്ചി ഭാഗമൊഴിച്ച് മറ്റു പ്രവൃത്തികളെല്ലാം പൂർത്തീകരിച്ചിട്ടുള്ളതാണ്.

2. ഇടമൺ-കൊച്ചി ലൈനിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 2010 മാർച്ചിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. ടി. പ്രവൃത്തികൾ തർക്കങ്ങൾ പരിഹരിച്ച് പുനരാരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

3. പുഗലൂർ-മാടക്കത്തറ 320 കെ.വി എച്ച്.വി.ഡി.സി ലൈൻ, മാടക്കത്തറ-അരീക്കോട് 400 കെ.വി ലൈൻ, അരീക്കോട്-മൈലാട്ടി-ഉടുപ്പി 400 കെ.വി ലൈൻ എന്നീ ലൈനുകൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്.

മൈസൂർ-കോഴിക്കോട് 400 കെ. വി ലൈൻ നിർമ്മാണം 2015 ആഗസ്റ്റ് മാസത്തോടെ പൂർത്തീകരിക്കുമെന്ന് കരുതുന്നു. പുഗലൂർ-മാടക്കത്തറ 320 കെ. വി. ലൈനിന്റെ പണി 2019-ഓടെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

സെക്ഷൻ ഓഫീസർ.